# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 544** **28.02.2017- ൽ മറുപടിക്ക്**

### കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

**ചോദ്യം**
**ശ്രീ. ജി. എസ്. ജയലാൽ**

**ഉത്തരം**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള കടബാധ്യത പരിഹരിച്ച് മിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) 2016 ഡിസംബർ മുതൽ ലേ-ഓഫ് ചെയ്തിരുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനു സർക്കാരിന്റെ അടിയന്തിരമായ ഇടപെടലിനെ തുടർന്ന് അസംസ്കൃത വസ്തുക്കൾ സെൻട്രലൈസ്ഡ് പർച്ചേസ് കമ്മിറ്റി വഴി വാങ്ങുന്നതിനായി 160 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ വൈദ്യുതി കുടിശ്ശിക അടക്കുന്നതിന് സാവകാശം അനുവദിക്കുകയും ചെയ്തു. ആയതിന്റെ ഫലമായി മിൽ തുറന്നു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എൻ.സി.ഡി.സി അനുവദിച്ച തുകയിൽ നിന്ന് 135 ലക്ഷം രൂപ മില്ലിന്റെ ദൈനംദിന പ്രവർത്തനത്തിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനം നവീകരിച്ച് തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പ് വരുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ; | (ബി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിനായി എൻ.സി.ഡി.സി സഹായത്തോടെ സർക്കാർ പദ്ധതി ആവിഷ്കരിച്ച് മില്ലിന്റെ നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മിൽ നവീകരണം പൂർത്തിയാകുന്നതോടു കൂടി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള നൂൽ ഉൽപാദിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. തത്ഫലമായി തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പു വരുത്തുന്നതിനും മിൽ ലാഭകരമായി പ്രവർത്തിക്കുന്നതിനും സാധിക്കുന്നതാണ്. |

| | |
|---|---|
| (സി) മിൽ നവീകരിക്കുന്നതിലേയ്ക്കായി റിവൈസ്ഡ് പ്രോജക്ട് അംഗീകരിച്ച് എൻ.സി.ഡി.സി അനുവദിച്ച 45.19 കോടി രൂപ ചെലവഴിച്ച് ഈ സ്ഥാപനത്തിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (സി) & (ഡി) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും 45.19 കോടി രൂപ എൻ.സി.ഡി.സി സർക്കാരിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 15 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനത്തിലേക്കായി പുതിയ മെഷിനറികൾ വാങ്ങേണ്ടതും പഴയ മെഷിനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിന്റെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ഡി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതിയും തുടർനടപടികളും വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**